10. മലപ്പുറം	പെരുമണ്ണം
11. തിരുവനന്തപുരം	നെല്ലനാട്
12. കണ്ണൂർ	പെരിങ്ങോംവയക്കര
13. വയനാട്	ഇടവക
14. കോഴിക്കോട്	തിരുവള്ളൂർ

2012-13

ജില്ല	ഗ്രാമപഞ്ചായത്ത്
1. കോട്ടയം	കടപ്ലാമറ്റം
2. മലപ്പുറം	കോട്ടക്കയം
3. തൃശ്ശൂർ	അതിരപ്പിള്ളി
4. എറണാകുളം	ഇടക്കാട്ടുവയൽ
5. ഇടുക്കി	ഇടുക്കി ബ്ലോക്ക്
6. തിരുവനന്തപുരം	ഇലകമൺ
7. കൊല്ലം	നെടുമ്പന
8. പാലക്കാട്	കൊട്ടേപ്പാടം
9. ആലപ്പുഴ	ചെന്നിത്തല

(ഡി) കേന്ദ്ര സഹായം ലഭിക്കുന്നില്ല.

തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുത്തവരുടെ കൂലി കുടിശ്ശിക

27 (*717) ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുത്തവർക്ക് നൽകേണ്ട കൂലി കുടിശ്ശിക വിതരണം ചെയ്യുന്നതിനായി വകമാറ്റിയ തുക പഞ്ചായത്തുകൾക്ക് തിരികെ നൽകുന്നതിനെ സംബന്ധിച്ച് എന്തെങ്കിലും ഉറപ്പ് പഞ്ചായത്തുകൾക്ക് നൽകിയിരുന്നുവോ ;

(ബി) ഇപ്രകാരം വകമാറ്റപ്പെട്ട തുക എന്നത്തേക്ക് തിരികെ പഞ്ചായത്തുകൾക്ക് നൽകുമെന്നാണ് അറിയിച്ചിരുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) വകമാറ്റിയ തുക പൂർണ്ണമായും തിരികെ നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം അറിയിക്കാമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ-സി) കേന്ദ്ര സർക്കാരിൽനിന്നും എം.ജി.എൻ.ആർ.ഇ.ജി.എസ്. ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് തിരികെ പഞ്ചായത്തുകൾക്ക് നൽകുന്നതാണ് എന്ന് ഉത്തരവായിരുന്നു. പഞ്ചായത്തുകൾ നൽകിയ തുകയുടെ വിശദാംശങ്ങൾ സംസ്ഥാനതലത്തിൽ ശേഖരിച്ചുതിരികെ നൽകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തിവരുന്നു.

വിള ആരോഗ്യ പരിപാലനം

28 (*718) ശ്രീ. എം. ഉമ്മർ :
ശ്രീ. സി. മമ്മൂട്ടി:
ശ്രീ. റ്റി. എ. അഹമ്മദ് കബീർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) വിള ആരോഗ്യ പരിപാലനമെന്ന സമീപനത്തിന്റെ ലക്ഷ്യ മെന്താണെന്ന് വിശദമാക്കുമോ ;

(ബി) ഇത്തരമൊരു സമീപനത്തിലേക്ക് നയിച്ച സാഹചര്യങ്ങളും കാരണങ്ങളും വ്യക്തമാക്കുമോ ;

(സി) കീട രോഗനിയന്ത്രണത്തിൽ രാസപദാർത്ഥങ്ങളുടെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കുക എന്നത് പുതിയ സമീപനത്തിന്റെ ലക്ഷ്യമായി അംഗീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അക്കാര്യം പരിഗണിക്കുമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) വിളകളെ ബാധിക്കുന്ന/ബാധിക്കാൻ സാധ്യതയുള്ള കീടരോഗങ്ങൾ നിരീക്ഷണത്തിലൂടെ കണ്ടെത്തുന്നതിനും അവയെ നിയന്ത്രിക്കുന്നതിനും പ്രതിരോധിക്കുന്നതിനും കർഷകർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ യഥാസമയം നൽകി വിളകൾ സംരക്ഷിക്കുന്നതിനും വിളകളുടെ ആരോഗ്യവും വളർച്ചയും ഉത്പാദനവും ലക്ഷ്യമിട്ടിട്ടുള്ളതാണ് വിള ആരോഗ്യ പരിപാലന പദ്ധതി. കീടരോഗബാധമൂലമുള്ള നാശനഷ്ടത്തിന്റെ വ്യാപ്തി കുറയ്ക്കുക അവ വ്യാപകമായി പടരുന്നത് തടയുക, മുൻകൂർ പ്രതിരോധ പ്രവർത്തനങ്ങൾവഴി കീടനാശിനികളുടെ ഉപയോഗത്തിന്റെ അളവ് കുറയ്ക്കുക എന്നിവയും ലക്ഷ്യമിടുന്നു.

LIBRARY ARCHIVES Kerala Legislative Assembly